യാണ്. ആവശ്യത്തിനുള്ള സാധനങ്ങളും കിട്ടുന്നില്ലയെന്നും പരാതിയുള്ളതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആവശ്യമായ സാധനങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

ഉപ്പുതറയിൽ അനുവദിച്ച ഇലക്ട്രിക്കൽ ജൂനിയർ എഞ്ചിനീയർ ഓഫീസ്

480 [678] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് താലൂക്കിൽപ്പെട്ട ഉപ്പുതറയിൽ അനുവദിച്ച ഇലക്ട്രിക്കൽ ജൂനിയർ എഞ്ചിനീയർ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ജൂനിയർ എഞ്ചിനീയർ ആഫീസ് തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) പീരുമേട് താലൂക്കിൽ ഉപ്പുതറയിൽ ഒരു ജൂനിയർ എഞ്ചിനീയർ ആഫീസ് രൂപീകരിക്കുന്നതിന് 1-10-1985-ൽ ബോർഡ് ഉത്തരവ് നൽകിയിട്ടുണ്ട്. ഇതു തൽക്കാലം ഒരു ഓവർസിയറുടെ ചുമതലയിൽ പ്രവർത്തിക്കുന്നു. മാസം മൂന്നു ദിവസം കാൻറ് ചാർജ് അടയ്ക്കുന്നതിനുള്ള സൗകര്യവും ചെയ്തിട്ടുണ്ട്. ഉടനെതന്നെ ഒരു ജൂനിയർ എഞ്ചിനീയറെ ഈ ഓഫീസിൽ നിയമിക്കുന്നതാണ്.

പുതിയ സബ്സ്റ്റേഷനുകൾ

481 [679] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി വിദ്യുച്ഛക്തി സബ്സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സബ്സ്റ്റേഷനുകൾ ആരംഭിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏഴാം പദ്ധതിയിൽപ്പെടുത്തി താഴെ പറയുന്ന സബ്സ്റ്റേഷനുകളുടെ നിർമ്മാണം നടത്താനുദ്ദേശിച്ചിട്ടുണ്ട്.

1.	തൃശ്ശൂർ (നോർത്ത്)	400 കെ. വി.
2.	കണ്ണൂർ	220 ,,
3.	കൊച്ചി	220 ,,
4.	തിരുവനന്തപുരം (നോർത്ത്)	220 ,,
5.	കല്ലൂർ	110 ,,
6.	പമ്പാപള്ളി നഗർ	110 ,,
7.	മട്ടാഞ്ചേരി	110 ,,

LIBRARY ARCHIVES Kerala Legislative Assembly